## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1294 31.10.2019 ൽ മറുപടി നൽകേണ്ടത്.

### സ്വകാര്യ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്വകാര്യ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; | (എ) (ബി) & (സി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.17-ന് കൂടിയ യോഗ തീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.08.2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർനടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത |
| (ബി) | എത്ര കുട്ടികൾ പഠിക്കുന്ന സ്കൂളിനാണ് എയ്ഡഡ് പദവി നൽകുവാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | എയ്ഡഡ് പദവിയ്ക്കായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത് ഏത് ജില്ലയിൽ നിന്നാണ് എന്ന് അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഓരോ സ്കൂളുകളിലേയും കുട്ടികളുടേയും അദ്ധ്യാപകരുടേയും എണ്ണത്തിന് ആനുപാതികയായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ 07.09.2019 ലെ സ.ഉ (സാധാ) 7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ Additional Authorization അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ (കൈ) 133/2019/പൊ.വി.വ തീയതി 30.08.2019 നമ്പർ ഉത്തരവ് പ്രകാരം മാനസിക/ഭൗതീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ